പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4332 | 24.10.2016 ൽ മറുപടിയ്ക്ക്

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് സഹായ പദ്ധതി**

ചോദ്യം | മറുപടി

ശ്രീ.ബി.സത്യൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വർക്ക് ഏതെല്ലാം തരത്തിലുള്ള സഹായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) നിലവിൽ ബുദ്ധിപർമായ വെല്ലുവിളി നേരിടുന്നവർ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ളവർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും നൽകി വരുന്നു. ഇത്തരത്തിൽ ഉള്ള കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ പരിശീലനംനൽകി പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ Home for Mentally Deficient Children എന്ന സ്ഥാപനവും ഇത്തരത്തിലുള്ള പുരുഷന്മാരെ പുനരധിവസിപ്പിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷാഭവൻ എന്ന സ്ഥാപനവും സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശ ഭവൻ എന്ന സ്ഥാപനവും പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ പരിശീലനം നൽകുന്നതിനായി SPACE എന്ന NGO മുഖേന INSIGHT എന്ന പ്രോജക്ട് നടപ്പിലാക്കി വരുന്നു. കൂടാതെ സ്പെഷ്യൽ സ്കൂളുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ 16 വയസ്സ് കഴിഞ്ഞിട്ടുള്ള കുട്ടികൾക്ക് തിരുവനന്തപുരം ജില്ലയിൽ പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (SIMC) എന്ന സ്ഥാപനത്തിൽ വച്ച് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം നൽകുന്ന ആശ്വാസ കിരണം എന്ന പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഇപ്പോൾ ഇത് 600 |

| | |
|---|---|
| | രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകി വരുന്നു. National Health Mission(NHM) വഴി ചികിത്സ നൽകുന്നതിന് District Early Intervention Centres ൽ സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇവരെ ശുശ്രൂഷിക്കുന്നതിനും പരിപാലിക്കുന്നതിനും വളരെയേറെ ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) ഇവർക്ക് ലഭ്യമാക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ? | (സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് 26.9.2016 ൽ ചുവടെ പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

| ക്രമ നം | ശ്രേണി | നിലവിലുണ്ടായിരുന്ന നിരക്ക് | | പുതുക്കിയ നിരക്ക് | |
|---|---|---|---|---|---|
| | | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് |
| 1 | 1 മുതൽ 4 വരെ | 100 | - | 300 | - |
| 2 | 5 മുതൽ 10 വരെ | 125 | - | 500 | - |
| 3 | +1, +2, IT തത്തുല്യ കോഴ്സുകൾ | 150 | 200 | 750 | 1000 |
| 4 | ഡിഗ്രി, പോളി ടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ (ഇംപ്ലാന്റ് ട്രെയിനിംഗ് | 175 | 230 | 1000 | 1500 |
| 5 | പ്രൊഫഷണൽ കോഴ്സുകൾ പി.ജി കോഴ്സുകൾ | 250 | 300 | | |

സെക്ഷൻ ഓഫീസർ